DISPATCHED
On..04/12/21...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 384*(7)/2015*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **4177** */എസ്.ഐ.സി-ജി 6/15)*
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| **ശ്രീ.ജോർജ്ജ് കെ.കെ.,<br>ലവ് ഷോർ, പെരുംപറമ്പ്,<br>ഇരിട്ടി, കണ്ണൂർ ജില്ല,<br>പിൻ – 670 703.** | **അപ്പീൽ ഹർജിക്കാരൻ** |

**Vs**

| | |
|---|---|
| 1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&<br>സ്പെഷ്യൽ വില്ലേജ് ഓഫീസർ,<br>വിളമന, പായം വില്ലേജ് ഇരിട്ടി കണ്ണൂർ.** | **എതിർകക്ഷി** |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 13.03.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 02.04.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 14.03.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 17.03 .2015 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. ജോർജ്ജ് കെ.കെ, 13.03.2015ന് സമർപ്പിച്ച പരാതി ഹർജി 17.03.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.384(7)/15/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ലെന്നും ടി വീഴ്ച വരുത്തിയ എതിർകക്ഷിയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. പരാതി ഹർജിക്കാരൻ 13.03.14ൽ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) ടി അപേക്ഷയിൽ നമ്പരിട്ട് സൂചിപ്പിച്ചവരുടെ വസ്തു, പായം വില്ലേജ് അധികാരികൾ എന്നെങ്കിലും പരിശോധിച്ചിരുന്നോ എന്നും പരിശോധിച്ചിരുന്നെങ്കിൽ:-

2) വില്ലേജ് അധികാരികൾ വസ്തു പരിശോധിച്ച് തയ്യാറാക്കിയ സ്ഥല മഹസർ,

3) വില്ലേജ് അധികാരികൾ വസ്തു പരിശോധിച്ച് മേലധികാരികൾക്ക് നൽകിയ റിപ്പോർട്ടുകൾ,

4) നികുതി തടസ്സപ്പെടുത്താൻ കാരണമായി വില്ലേജിൽ ലഭിച്ച പരാതി,

5) നികുതി തടസ്സപ്പെടുത്താൻ കാരണമായി വില്ലേജിൽ ലഭിച്ച കോടതി, മേലധികാരികൾ ഉൾപ്പെടെ നൽകിയ ഉത്തരവുകൾ,

6) വില്ലേജ് അധികാരികൾ വസ്തു പരിശോധിച്ച് തയ്യാറാക്കിയ കുറിപ്പുകൾ,

7) രജിസ്റ്റർ അക്കൗണ്ട് ബുക്ക്, നാൾവഴി എന്നിവയിൽ ഭൂനികുതി തടസ്സപ്പെടുത്തിക്കൊണ്ട് വില്ലേജ് അധികാരികൾ എഴുതി ചേർത്തവ, രേഖകൾ തുടങ്ങിയവയുടെ പകർപ്പുകൾ അനുവദിച്ച് നൽകണമെന്നാണ്. ആയതിന് 02.04.2014ൽ മറുപടി നൽകിയതായി കാണുന്നു.

4. 04.06.2015ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഇരിട്ടി താലൂക്കിൽ പായം വില്ലേജിൽ എസ്.പി.ഐ.ഒ.യായി ടിയാൻ ജോലി ചെയ്യുന്ന കാലയളവിൽ 13.3.14ന് ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ 6/14-ാം നമ്പറായി 02.04.13ന് എസ്.പി.ഐ.ഒ. നൽകിയ മറുപടിയിന്മേൽ 14.03.15ന് കമ്മീഷനിൽ സമർപ്പിച്ച അപ്പീലിന്മേൽ കമ്മീഷൻ 06.04.2015, 27.05.15 എന്നീ തീയതികളിൽ അയച്ച കത്തുകൾ പായം എസ്.പി.ഐ.ഒ മുഖാന്തിരം ടിയാന്റെ കൈവശം ലഭിക്കുന്നത് 04.06.2015നാണെന്നും ആകയാൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ഹർജിക്കാരന് മറുപടി നൽകാൻ കഴിഞ്ഞിരുന്നില്ലെന്നും ടി കത്തുകൾ ടിയാന്റെ കൈവശം ലഭിക്കാത്തതിലുണ്ടായ കാലതാമസം മൂലമാണ് നിശ്ചിത സമയപരിധിയ്ക്കകം ടിയാന്റെ അപേക്ഷയ്ക്ക് മറുപടി നൽകാൻ കഴിയാതെ പോയതെന്നും ആയത് മാപ്പാക്കണമെന്നുമാണ്.

5. 16.11.2021 തീയതി കമ്മീഷൻ ഓഡിയോ സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷിക ളെയും കേട്ടതിലും, ഹർജിക്കാരന് തെറ്റായ മറുപടിയാണ് നൽകിയതെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധരേഖകളും പരി ശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷയിലെ 7-ാം ഇനം സംബന്ധിച്ച ചോദ്യത്തിന് വിവരങ്ങൾ ലഭ്യമല്ലെന്നാണ് ഹർജിക്കാരന് എസ്.പി.ഐ.ഒ. മറുപടി നൽകിയിരുന്നത്. എന്നാൽ കമ്മീഷനിൽ 09.06.2015ൽ സമർപ്പിച്ച റിപ്പോർട്ടിൽ മേൽപ്പടി ഇനം സംബന്ധിച്ച വിവരം രേഖപ്പെടുത്തിയ പകർപ്പ് ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നാണ് എതിർകക്ഷി സൂചിപ്പിച്ചിരിക്കുന്നത്. ഇപ്രകാരം തെറ്റിദ്ധരിപ്പിക്കുന്നതും പരസ്പര വിരുദ്ധമായതുമായ മറുപടി നൽകിയ പരാമർശിത കാലയളവിലെ എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാര നാണെന്നു കമ്മീഷനു ബോധ്യമാകുന്നു. ടി വീഴ്ച വിവരാകാശ നിയമപ്രകാരം ഗുരുത രമാകയാൽ ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാ നുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

7. മേൽ നിർദ്ദേശപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2021 നവംബർ 20-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)